# ഡി ജി എച്ച് എസ് എസ് താനൂർ
# SSLC SOCIAL SCIENCE D+ MODULE

## ഋതുഭേദങ്ങളും സമയവും

**1. ഋതുഭേദങ്ങൾ ഉണ്ടാകാനുള്ള കാരണങ്ങൾ എഴുതുക?**

- ഭൂമിയുടെ പരിക്രമണം
- അച്ചുതണ്ടിന്റെ ചരിവ്
- അച്ചുതണ്ടിന്റെ സമാന്തരത

**2. വിഷുവങ്ങൾ എന്നാലെന്ത്?**

- മാർച്ച് – 21, സെപ്റ്റംബർ – 23 എന്നീ ദിവസങ്ങൾ.
- സൂര്യൻ ഭൂമധ്യരേഖയുടെ നേർമുകളിലായിരിക്കും.
- രണ്ട് അർധ ഗോളങ്ങളിലും രാത്രിയും പകലും തുല്ല്യമായിരിക്കും.

**3. ഗ്രീഷ്മ അയനാന്തദിനം ഏത് ദിവസം ?**

- ജൂൺ 21

**4. ശൈത്യ അയനാന്തദിനം ഏത് ദിവസം ?**

- ഡിസംബർ 22

**5. വസന്ത കാലത്തിന്റെ സവിശേഷതകൾ ഏവ ?**

- ശൈത്യത്തിൽ നിന്ന് വേനലിലേക്കുള്ള മാറ്റത്തിന്റെ കാലം.
- ചെടികൾ തളിർക്കുന്നു, പുഷ്പിക്കുന്നു.
- മാവ് പൂക്കുന്നു.
- പ്ലാവിൽ ചക്കയുണ്ടാകുന്നു.

**6. ഹേമന്ത കാലത്തിന്റെ സവിശേഷതകൾ ഏവ ?**

- വേനലിൽ നിന്ന് ശൈത്യത്തിലേക്കുള്ള മാറ്റത്തിന്റെ കാലം.
- അന്തരീക്ഷ ഊഷ്മാവ് ഗണ്യമായി കുറയുന്നു.
- പകലിന്റെ ദൈർഘ്യം കുറയും
- രാത്രിയുടെ ദൈർഘ്യം കൂടും
- മരങ്ങൾ ഇല പൊഴിക്കും

**7. ഗ്രീനിച്ച് രേഖയുടെ സവിശേഷതകൾ എന്തെല്ലാം ?**

- 0 ഡിഗ്രി രേഖാംശ രേഖ.
- ഇംഗ്ലണ്ടിലാണ് സ്ഥിതി ചെയ്യുന്നത്.
- സമയം നിർണ്ണയിക്കാൻ ഉപയോഗിക്കുന്നു.
- ഗ്രീനിച്ച് രേഖയിലെ പ്രാദേശിക സമയമാണ് ഗ്രീനിച്ച് സമയം.

**8. പ്രാദേശിക സമയം എന്നാലെന്ത്?**

- ഓരോ സ്ഥലത്തും സൂര്യന്റെ ഉച്ചനിലയെ ആധാരമാക്കി നിർണ്ണയിക്കുന്ന സമയമാണ് പ്രാദേശിക സമയം. ?

**9. ഇന്ത്യയുടെ മാനകരേഖാംശം ഏത്?**

- 82½ ഡിഗ്രി പൂർവ്വ രേഖാംശം

**10. ഗ്രീനിച്ച് സമയവും ഇന്ത്യൻ സമയവും തമ്മിലുള്ള വ്യത്യാസം**

- 5½ മണിക്കൂർ

SSLC CSS NOTES DGHSS TANUR

**11. ഒരു രാജ്യത്ത് നിരവധി പ്രാദേശിക സമയങ്ങൾ ഉണ്ടായാൽ അത് ഉണ്ടാക്കുന്ന പ്രയാസങ്ങൾ ഏതെല്ലാം ?**

- തീവണ്ടി സമയം തയ്യാറാക്കാൻ കഴിയില്ല.
- റേഡിയോ സമയ ക്രമം നൽകാൻ കഴിയില്ല.
- മത്സര പരീക്ഷകളെ ബാധിക്കും.
- ടെലിവിഷൻ സമയക്രമം ബുദ്ധിമുട്ടാകും.

**12. അന്താരാഷ്ട്ര ദിനാങ്ക രേഖയുടെ സവിശേഷതകൾ എന്തെല്ലാം ?**

- 180 ഡിഗ്രി രേഖാംശ രേഖ.
- നേർരേഖയല്ല.
- സമുദ്രത്തിലൂടെ കടന്നുപോകുന്നു.
- കിഴക്കും പടിഞ്ഞാറും തമ്മിൽ ഒരു ദിവസത്തെ വ്യത്യാസം

## കാറ്റിന്റെ ഉറവിടം തേടി

**1. അന്തരീക്ഷ മർദ്ധം അളക്കുന്നതിനുള്ള ഉപകരണം**

- രാസബാരോമീറ്റർ

**2. അന്തരീക്ഷമർദ്ധത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം? വിശദമാക്കുക ?**

- **ഉയരം –** ഉയരം കൂടുംതോറും അന്തരീക്ഷമർദ്ധം കുറയുന്നു.
- **താപം –** താപം കൂടുംതോറും അന്തരീക്ഷമർദ്ധം കുറയുന്നു.
- **ആർദ്രത –** ആർദ്രത കൂടുംതോറും അന്തരീക്ഷമർദ്ധം കുറയുന്നു.

**3. കാറ്റിന്റെ വേഗതയേയും ദിശയെയും സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം ?**

- മർദ്ധചരിവ്
- കോറിയോലിസ് പ്രഭാവം
- ഘർഷണം

**4. ആഗോള വാതങ്ങൾ ഏതെല്ലാം ?**

- വാണിജ്യവാതങ്ങൾ
- പശ്ചിമവാതങ്ങൾ
- ധ്രുവീയപൂർവ്വവാതങ്ങൾ

## മാനവവിഭവശേഷി വികസനം

**1. വിദ്യാഭ്യാസം മാനവവിഭവശേഷിയെ സഹായിക്കുന്നതെങ്ങിനെ ?**

**OR**

**വിദ്യാഭ്യാസം രാജ്യത്തിൻറെ വികസനത്തെ സഹായിക്കുന്നതെങ്ങനെ?**

- വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു.
- സാങ്കേതിക അറിവ് ലഭിക്കുന്നു.
- മെച്ചപ്പെട്ട തൊഴിലും വരുമാനവും
- ജീവിത നിലവാരം ഉയരുന്നു.

**2. വിദ്യാഭ്യാസം മൗലികാവകാശമാക്കിയ വർഷം ?**

- 2009

SSLC SS NOTES DGHSS TANUR

**3. വിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ ഏവ ?**

- കൊഴിഞ്ഞു പോക്ക്
- അടിസ്ഥാന സൗകര്യക്കുറവ്.
- കുറഞ്ഞ ഗുണനിലവാരം

**4. ആരോഗ്യമുള്ള ജനത രാജ്യ പുരോഗതിയെ എങ്ങിനെ സഹായിക്കുന്നു ?**

- തൊഴിൽ ദിനങ്ങളുടെ എണ്ണം കൂടും.
- ഉത്പാദനം കൂടും .
- പ്രകൃതി വിഭവങ്ങളുടെ ശരിയായ വിനിയോഗം
- കാര്യക്ഷമത കൂടും
- സാമ്പത്തിക വികസനം

**5. ആരോഗ്യ പരിപാലനത്തിന് ഒരുക്കേണ്ട സൗകര്യങ്ങൾ ഏവ ?**

- പോഷകാഹാര ലഭ്യത
- ശുദ്ധജല ലഭ്യത
- രോഗ പ്രധിരോധ സംവിധാനങ്ങൾ
- ശുചിത്വ പരിപാലനം

## ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ

**1. ധരാതലീയ ഭൂപടങ്ങളുടെ ഉപയോഗങ്ങൾ എഴുതുക?**

- സൈനിക പ്രവർത്തനങ്ങൾക്ക്
- സാമ്പത്തിക ആസൂത്രണത്തിന്.
- നഗരാസൂത്രണത്തിന്.
- ഭൂസവിശേഷതകൾ വിശകലനം ചെയ്യാൻ.

**2. ഈസ്റ്റിങ്സിന്റെ രണ്ടു പ്രത്യേകതകൾ എഴുതുക?**

- വടക്ക-തെക്ക ദിശയിൽ വരച്ച രേഖകൾ.
- കിഴക്കോട്ട് പോകുന്തോറും മൂല്യം കൂടുന്നു.

**3. നോർത്തിങ്സിന്റെ രണ്ട് സവിശേഷതകൾ എഴുതുക?**

- കിഴക്ക-പടിഞ്ഞാറ് ദിശയിൽ വരച്ച രേഖകൾ
- വടക്കോട്ട് പോകുന്തോറും മൂല്യം കൂടുന്നു




SSLC SS NOTES DGHSS TANUR

**4.**

**(a) മുകളിൽ നൽകിയിട്ടുള്ള ഗ്രിഡിൽ കോട്ട, ശവപ്പറമ്പ് എന്നിവയുടെ സ്ഥാനം നാലക്കഗ്രിഡ് റെഫറൻസിലൂടെ കണ്ടെത്തുക**

**(b) 8537, 8235 എന്നീ നാലക്ക ഗ്രിഡ് റഫറൻസുകൾ ഏതെല്ലാം ഭൂതല സവിശേഷതകളെ സൂചിപ്പിക്കുന്നു?**

**5. ധരാതലീയ ഭൂപടത്തിലെ ചിഹ്നങ്ങൾ – ഭൂതല സവിശേഷതകൾ**




## <u>പൊതുചെലവും പൊതുവരുമാനവും</u>

**1 വിവിധ തരം ചരക്ക സേവന നികുതികൾ ഏവ?**

- ➢ സി ജി എസ് ടി ( CGST )
- ➢ എസ് ജി എസ് ടി ( SGST )
- ➢ ഐ ജി എസ് ടി ( IGST )

**2 പൊതുവരുമാനം എന്നാൽ എന്ത്?**

- ➢ സർക്കാരിന്റെ വരുമാനം

**4 വ്യക്തിഗത ആദായ നികുതി എന്നാൽ എന്ത്?**

- ➢ വ്യക്തികളുടെ വരുമാനത്തിന് മേൽ ചുമത്തുന്ന നികുതി.
- ➢ വരുമാനം കൂടിയാൽ നികുതി കൂടും.

**5 കോർപറേറ്റ് നികുതി എന്നാൽ എന്ത് ?**

- ➢ കമ്പനികളുടെ ലാഭത്തിനു മേൽ ചുമത്തുന്ന നികുതി

**6. സർക്കാരിന്റെ പ്രധാന നികുതിയേതര വരുമാന മാർഗ്ഗങ്ങൾ ഏതെല്ലാം ?**

- ➢ ഫീസ്
- ➢ ഫൈനുകളും പെനാൽറ്റികളും
- ➢ ഗ്രാന്റ്
- ➢ പലിശ
- ➢ ലാഭം

SSLC SS NOTES DG... NUR

**7. ബജറ്റുകൾ എത്ര തരം ? ഏതെല്ലാം?**

- മൂന്നു തരം

1. സന്തുലിത ബജറ്റ് - വരവും ചെലവും തുല്യം
2. മിച്ച ബജറ്റ് - വരവ് കൂടുതൽ ചെലവ് കുറവ്
3. കമ്മി ബജറ്റ് - വരവ് കുറവ് ചെലവ് കൂടുതൽ

## വൈവിധ്യങ്ങളുടെ ഇന്ത്യ

**1. ഹിമാലയൻ നദികളുടെയും ഉപദ്വീപീയ നദികളുടെയും പ്രത്യകതകൾ ഏവ ?**

| ഹിമാലൻ നദികൾ | ഉപദ്വീപീയൻ നദികൾ |
|---|---|
| വിസ്തൃതമായ വൃഷ്ടി പ്രദേശം | വിസ്തൃതികുറഞ്ഞ വൃഷ്ടിപ്രദേശം |
| അപരദന തീവ്രത കൂടുതൽ | അപരദന തീവ്രത കുറവ് |
| ഉയർന്ന ജലസേചന ശേഷി | കുറഞ്ഞ ജലസേചനശേഷി |
| ജലഗതാഗതത്തിന് സാധ്യത കൂടുതൽ | ജലഗതാഗതത്തിന് സാധ്യത കുറവ് |

**2. തീരസമതലങ്ങളുടെ സവിശേഷതകൾഏവ ?**

| പടിഞ്ഞാറൻ തീരസമതലം | കിഴക്കൻ തീരസമതലം |
|---|---|
| അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ | ബംഗാൾ ഉൾക്കടലിനും പൂർവ്വഘട്ടത്തിനുമിടയിൽ, |
| റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ | സുന്ദരവനം മുതൽ കന്യാകുമാരിവരെ |
| താരതമ്യേന വീതി കുറവ് | താരതമ്യേന വീതി കൂടുതൽ |
| കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു | ഡെൽററകൾ കാണപ്പെടുന്നു |

**3. ഇന്ത്യയുടെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങൾ.**

- അക്ഷാംശീയ സ്ഥാനം
- ഭൂപ്രകൃതി
- സമുദ്രസാമീപ്യം
- സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം

**4. ഹിമാലയത്തിന്റെ സവിശേഷതകൾ**

| ഹിമാദ്രി | ഹിമാചൽ | സിവാലിക്ക് |
|---|---|---|
| ഏറ്റവും ഉയരം കൂടിയ നിര | ഹിമാദ്രിയുടെ തെക്കു സ്ഥിതി ചെയ്യുന്നു | ഹിമാചലിനു തെക്കു സ്ഥിതി ചെയ്യുന്നു |
| ശരാശരി ഉയരം6000 മീറ്റർ | ശരാശരി ഉയരം3000 മീറ്റർ | ശരാശരി ഉയരം 1220 മീറ്റർ |
| ഗംഗ,യമുന നദികളുടെ ഉത്ഭവ സ്ഥാനം | സുഖവാസ കേന്ദ്രങ്ങളായ സിംല ഡാർജിലിംഗ് എന്നിവ സ്ഥിതി ചെയ്യുന്നു | ഡൂണുകൾ എന്നു വിളിക്കുന്ന താഴ്വരകൾ സ്ഥിതി ചെയ്യുന്നു |

SSLC SS NOTES DGHSS TANUR

## ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും

**1. ഭൂസ്ഥിര ഉപഗ്രഹങ്ങളും സൗരസ്ഥിര ഉപഗ്രഹങ്ങളും**

| ഭൂസ്ഥിര ഉപഗ്രഹങ്ങൾ | സൗരസ്ഥിര ഉപഗ്രഹങ്ങൾ |
|---|---|
| ഏകദേശം 36000 KM ഉയരത്തിൽ | ഏകദേശം1000KM ഉയരത്തിൽ |
| ഭൂമിയുടെ മൂന്നിലൊന്ന് ഭാഗം നിരീക്ഷണപരിധി | കുറഞ്ഞ നിരീക്ഷണ പരിധി |
| ഒരു പ്രദേശത്തിന്റെ സ്ഥിരമായ വിവരശേഖരണം | ഒരു പ്രദേശത്തിന്റെ ആവർത്തിച്ചുള്ള വിവരശേഖരണം |
| വാർത്താവിനിമയത്തിനും, ദിനാന്തരീക്ഷ സ്ഥിതി മനസിലാക്കാനും ഉദാ: INSAT | വിദൂര സംവേദനത്തിന് ഉദാ: IRS |

## ധനകാര്യ സ്ഥാപനങ്ങളും സേവനങ്ങളും

**1. റിസർവ്ബാങ്കിന്റെ ധർമങ്ങൾ ഏവ?**

- നോട്ട് അച്ചടിച്ചിറക്കൽ
- വായ്പ നിയന്ത്രിക്കൽ
- സർക്കാരിന്റെ ബാങ്ക്
- ബാങ്കുകളുടെ ബാങ്ക്

2 **നിക്ഷേപങ്ങൾ എത്ര തരം? ഏവ?**

നാല് തരം

- സമ്പാദ്യനിക്ഷേപം
- പ്രചലിത നിക്ഷേപം
- സ്ഥിരനിക്ഷേപം
- ആവർത്തിത നിക്ഷേപം

**3. എന്താണ് ഓവർഡ്രാഫ്റ്റ് ?**

- വ്യക്തികളുടെ അക്കൗണ്ടിൽ ഉള്ളതിനേക്കാൾ കൂടുതൽ പണം പിൻവലിക്കാനുള്ള അവസരം

**4. ഇലക്ട്രോണിക് ബാങ്കിങ്ങിന്റെ മേന്മകൾ എന്തെല്ലാം ?**

- വീട്ടിൽനിന്നുതന്നെ ബാങ്കിങ്
- കുറഞ്ഞ സമയം
- സർവീസ് ചാർജ് കുറവ്

## ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

**1. മെർക്കന്റലിസ്റ്റ് നയത്തിന്റെ വ്യവസ്ഥകൾ എഴുതുക ?**

- കോളനികളിൽ നിന്ന് കയറ്റുമതി ഇംഗ്ലണ്ടിലേക്കു മാത്രം.
- കോളനികളിലേക്കുള്ള ഇറക്കുമതിക്ക് നികുതി.
- എല്ലാ രേഖകളിലും ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിക്കണം.
- ഇംഗ്ലീഷ് സൈന്യത്തെ കോളനികളിൽ നിലനിർത്തണം.
- വ്യാപാരത്തിന് ഇംഗ്ലീഷ് കപ്പലുകളോ കോളനികളിൽ നിർമ്മിച്ച കപ്പലുകളോ ഉപയോഗിക്കണം.

SSLC SS NOTES DGHSS TANUR

**2 അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന്റെ ഫലങ്ങൾ (സ്വാധീനങ്ങൾ ) ഏവ ?**

- റിപ്പബ്ലിക്കൻ ഭരണരീതി എന്ന ആശയം.
- ഫെഡറൽ രാഷ്ട്രം എന്ന ആശയം.
- ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി.
- തുടർന്നുള്ള വിപ്ലവങ്ങൾക്കും സമരങ്ങൾക്കും പ്രചോദനമായി.

**3 ഫ്രഞ്ച് വിപ്ലവം കാരണങ്ങൾ എഴുതുക ?**

- രാജാക്കൻമാരുടെ ഏകാധിപത്യഭരണം
- ധൂർത്ത്
- സാമൂഹിക സാമ്പത്തിക അസമത്വം
- ചിന്തകരുടെ സ്വാധീനം

**4 ഫ്രഞ്ച്സമൂഹം വിഭജിക്കപ്പെട്ടതെങ്ങിനെ ? സവിശേഷതകൾ ഏവ ?**

| ഒന്നാം എസ്റ്റേറ്റ് | രണ്ടാം എസ്റ്റേറ്റ് | മൂന്നാം എസ്റ്റേറ്റ് |
|---|---|---|
| പുരോഹിതർ | പ്രഭുക്കൻമാർ | മധ്യവർഗം, കർഷകർ, കൈത്തൊഴിലുകാർ |
| ഭൂവുടമകൾ | ഭൂവുടമകൾ | താഴ്ന്ന സാമൂഹികപദവി |
| നികുതി നൽകേണ്ട | നികുതി നൽകേണ്ട | എല്ലാ നികുതിയും നൽകണം |
| ഭരണത്തി ലും സൈന്യത്തിലും ഉയർന്ന പദവി | ആഡംബരജീവിതം നയിച്ച | ഭരണത്തിൽ ഒരു അവകാശവുമില്ല |

**5 ഫ്രഞ്ച് വിപ്ലവത്തിന്റെ ഫലങ്ങൾ ഏവ ?**

- പിൽക്കാല വിപ്ലവങ്ങൾക്കുള്ള പ്രചോദനം.
- ഫ്യൂഡൽ വ്യവസ്ഥ തകർന്നു.
- ദേശീയതയുടെ ഉദയം.
- ജനകീയ പരമാധികാരം എന്ന ആശയം.

**6 റഷ്യൻ വിപ്ലവം കാരണങ്ങൾ ഏവ ?**

- സർ ചക്രവർത്തിമാരുടെ ഏകാധിപത്യഭരണം.
- കർഷകരുടേയും തൊഴിലാളികളുടേയും ദുരിത ജീവിതം.
- വലിയ നികുതി ഭാരം.
- ഉൽപ്പാദനക്കുറവ്.
- വ്യവസായങ്ങൾ വിദേശികളുടെ നിയന്ത്രണത്തിലായിരുന്നു.

**7 റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ ഏവ ?**

- സോവിയറ്റ് യൂണിയൻ നിലവിൽ വന്നു.
- സോഷ്യലിസ്റ്റ് ആശയങ്ങൾ പ്രചാരം നേടി.
- ഫ്യൂഡലിസം അവസാനിപ്പിച്ചു.
- റഷ്യ സാമ്പത്തിക പുരോഗതി നേടി.

SSLC SS NOTES DGHSS TANUR

# പൊതുഭരണം

**I. പൊതുഭരണത്തിന്റെ പ്രാധാന്യം.**

- ഗവണ്മെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.
- ജനക്ഷേമം ഉറപ്പാക്കുന്നു.
- ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.
- സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.

**2 ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ ഏവ?**

- ശ്രേണിപരമായ സംഘാടനം
- സ്ഥിരത
- യോഗ്യത നോക്കി നിയമനം.
- രാഷ്ട്രീയ നിഷ്പക്ഷത
- കഴിവ്

**3 ഇന്ത്യൻ സിവിൽ സർവീസിന്റെ വിഭാഗങ്ങൾ ഏവ**

| അഖിലേന്ത്യാ സർവീസ് | കേന്ദ്ര സർവ്വീസ് | സംസ്ഥാന സർവ്വീസ് |
|---|---|---|
| ദേശീയ തലത്തിൽ തെരഞ്ഞെടുക്കുന്നു. | ദേശീയതലത്തിൽ തെരഞ്ഞെടുക്കുന്നു. | സംസ്ഥാനതലത്തിൽ തെരഞ്ഞെടുക്കുന്നു. |
| കേന്ദ്ര സർവ്വീസിലോ സംസ്ഥാന സർവ്വീസിലോ നിയമനം. | കേന്ദ്രത്തിലെ വിവിധ വകുപ്പുകളിൽ നിയമനം. | സംസ്ഥാന വകുപ്പുകളിൽ നിയമനം |
| ഐഎഎസ്, ഐപിഎസ് | ഐഎഫ്എസ്, ഐആർഎസ് | സെയിൽസ് ടാക്സ് ഓഫീസർ |

# സമരവും സ്വാതന്ത്ര്യവും

**1. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന പ്രാദേശികസമരങ്ങൾ**

| സമരം | വർഷം |
|---|---|
| ചമ്പാരനിലെ നീലം കർഷകസമരം | 1917 |
| അഹമ്മാദാബാദ് തുണിമിൽ സമരം | 1918 |
| ഖേഡ കർഷകസമരം | 1918 |

**2. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ദേശീയ സമരങ്ങൾ**

| സമരം | വർഷം |
|---|---|
| നിസ്സഹകരണ സമരവും ഖിലാഫത്ത് പ്രസ്ഥാനവും | 1920 |
| സിവിൽ നിയമലംഘനസമരം/ഉപ്പുസത്യാഗ്രഹം | 1930 |
| ക്വിറ്റിന്ത്യാ സമരം | 1942 |

**3. നിസഹകരണ സമരത്തിന്റെ സവിശേഷതകൾ**

- വിദേശവസ്തുക്കൾ ബഹിഷ്ക്കരിക്കുക.
- കോടതിയും വിദ്യാലയങ്ങളും ബഹിഷ്ക്കരിക്കുക
- തെരഞ്ഞെടുപ്പുകൾ ബഹിഷ്ക്കരിക്കുക
- ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക
- നികുതി നൽകാതിരിക്കുക

SSLC SS NOTES DGHSS TANUR

**4. ഉപ്പ് സമരായുധമായി തിരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ ഏവ?**

- ബ്രിട്ടീഷ് നികുതിവരുമാനത്തിന്റെ അഞ്ചിൽ രണ്ടു ഭാഗവും ഉപ്പുനികുതി.
- ദരിദ്രർക്ക് ഉപ്പു നികുതി വലിയ ഭാരമായി
- ഉപ്പിന്റെ വില മൂന്നു മടങ്ങ് വർദ്ധിപ്പിച്ചു
- ചെറുകിട ഉപ്പു നിർമ്മാതാക്കൾക്ക് നിരോധനം

## രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും

**1.രാഷ്ട്രത്തിന്റെ ചുമതലകൾഎഴുതുക?**

| നിർബന്ധിത ചുമതലകൾ | വിവേചനപരമായ ചുമതലകൾ |
|---|---|
| രാഷ്ട്രം എല്ലാക്കാലത്തും നിർബന്ധമായും നിർവ്വഹിക്കേണ്ട ചുമതലകൾ | രാഷ്ട്രത്തിൻറെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് നിർവഹിക്കേണ്ട ചുമതലകൾ |
| ഉദാ. അതിർത്തിസംരക്ഷണം,<br>ആഭ്യന്തര സമാധാനം,<br>നീതി നടപ്പാക്കൽ | ഉദാ. വിദ്യാഭ്യാസം,<br>ആരോഗ്യസംരക്ഷണം |

**2 രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങൾ**

- ദൈവദത്ത സിദ്ധാന്തം.
- പരിണാമ സിദ്ധാന്തം.
- സാമൂഹിക ഉടമ്പടി സിദ്ധാന്തം
- ശക്തി സിദ്ധാന്തം.

**3. പൗരത്വം എത്ര തരം ? ഏതെല്ലാം ?**

- രണ്ടു തരം

a) **സ്വാഭാവിക പൗരത്വം** - ജന്മനാ ലഭിക്കുന്ന പൗരത്വം.

b) **ആർജിത പൗരത്വം** - നിയമപരമായ നടപടികൾ വഴി നേടുന്ന പൗരത്വം.

## സമൂഹശാസ്ത്രം എന്ത്? എന്തിന്?

**1 സമൂഹശാസ്ത്രത്തിൽ ഉപയോഗിക്കുന്ന പഠനരീതികൾ എഴുതുക?**

- സോഷ്യൽ സർവേ.
- അഭിമുഖം.
- നിരീക്ഷണം.
- കേസ് സ്റ്റഡി

**2.പങ്കാളിത്തനിരീക്ഷണവും പങ്കാളിത്തരഹിതനിരീക്ഷണവും തമ്മിലുള്ള വ്യത്യാസം എഴുതുക?**

| പങ്കാളിത്തനിരീക്ഷണം | പങ്കാളിത്ത രഹിതനിരീക്ഷണം |
|---|---|
| നിരീക്ഷകൻ പഠനസംഘത്തിൽ താമസിച്ച് നിരീക്ഷണം നടത്തുന്നു | നിരീക്ഷകൻ പഠനസംഘത്തിന് പുറത്തുനിന്ന് നിരീക്ഷണംനടത്തുന്നു |

SSLC SS NOTES DGHSS TANUR


India
ഇന്ത്യ
പർവ്വത നിരകൾ
പീഠഭൂമികൾ
A - കാറക്കോറം
B - ലഡാക്ക്
C - സസ്കർ
ആരവല്ലി പർവ്വതം
മാൾവ പീഠഭൂമി
വിന്ധ്യാപർവ്വതനിര
സാത്പുര പർവ്വതനിര
ഛോട്ടാനാഗ്പൂർ പീഠഭൂമി
കച്ച്
കത്തിയവാർ
ഡക്കാൻ പീഠഭൂമി
പശ്ചിമഘട്ടം
പൂർവ്വഘട്ടം
1. ഗാരോ, ഖാസി, ജയന്തിയ
2 നാഗാ കുന്നുകൾ
3 പട്കായി ബും
4 മിസോ കുന്നുകൾ


India
ഇന്ത്യ
തുറമുഖങ്ങൾ
നദികൾ
ഗംഗ
പാരദ്വീപ്
വിശാഖപട്ടണം
മംഗലാപുരം
ചെന്നൈ
കൊച്ചി